L. No. 5/1121 Dated 10—11—1945
UNIVERSITY LIBRARY, MADRAS. 3 APR 1946

# രാജർഷി

പുസ്തകം 12 | 1121 ധനു, മകരം | ലക്കം 5, 6



സ്ഥാനത്യാഗം ചെയ്ത
സർ, ശ്രീരാമവർമ്മ കൊച്ചി വലിയതമ്പുരാൻ
ജി. സീ. എസ്സ്. ഐ, ജി. സീ. ഐ. ഇ., എഫ്. എം. യു
തിരുമനസ്സുകൊണ്ട്.

# വിഷയവിവരം.


1. മംഗളം.

—യം. പരമേശ്വരൻ, കട്ടനെല്ലൂർ.

2. കമ്പൻ നമ്പ്യാരുടെ അടുത്തൂൺ കാര്യം.

—ഉള്ളൂർ.

3. മഹാകവി കബീർദാസൻ. 4

—പുഴങ്കര നാരായണമേനോൻ.

4. തങ്കക്കുടം. 8

ടി. ആർ. നായർ.

5. പോസ്റ്റാപ്പീസ്. 9

—കെ. എം. സുകുമാരൻ.

II

1. മംഗളം.

—എസ്സ്.

2. ഇടതുപക്ഷ കോൺഗ്രസ്സുകാരോട് ഒരു വാക്ക്.

—ഡി. കെ.

3. കവിതിലകൻ, സി. കൃഷ്ണൻകർത്താവ് അവർകൾക്ക്
അനുമോദനം.—പഴവിൽ കുഞ്ഞൻമാരാര് 18

4. പോസ്റ്റാപ്പീസ് (തുടർച്ച.) 19

—കെ. എം. സുകുമാരൻ.

5. എന്നെ നീയറിയുമോ? 20

—ചെറുകാട്.

6. മരുഭൂമിയിൽ 20

ഇ. കെ. ദിവാകരൻ പോററി.


## വരിക്കാരോട്

1120_21ലെ വരിസംഖ്യ വകയിൽ ബാക്കി വരുത്തിയ വരിക്കാർ അവരവരുടെ സംഖ്യ അടുത്തലക്കം ഇറങ്ങുന്നതിനു മുമ്പായി അയച്ചുതന്നു സഹായിക്കാൻ സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

മാനേജർ, രാജർഷി തൃശ്ശിവപേരൂർ.

UNIVERSITY LIBRARY
3 APR 1946
MADRAS.


# രാജർഷി

പുസ്തകം 12 | 1121 ധനു | ലക്കം 5,


## മംഗളം.

യം. പരമേശ്വരൻ, കട്ടനെല്ലൂർ.

മാടക്ഷ്മാപവംശമാമന്ത്യാജപല മഹിതമഹസ്സുകളുമാർജ്ജിച്ചൊട്ടകം
കേടററാ ക്ഷത്രധർമ്മം ഹൃദയമൊട്ടവരിച്ചുള്ള രാജർഷിവര്യൻ
നാടൊട്ടക്കാദ്ധ്യധർമ്മം വിളയുവതിനനേകായിരം കൊല്ലമീമ-
ട്ടീടാന്നിപത്രമെങ്ങും വിലസുവതിന്നണക്കട്ടെ സന്മംഗളങ്ങൾ.

## കുഞ്ചൻ നമ്പിയാരുടെ അടുത്തൂൺ കാര്യം.

(ഉള്ളൂർ)

ഈ വിഷയത്തെപ്പററി ഒരു ലേഖനം ഞാൻ പരിഷൽത്രൈമാസികം ഒന്നാം പുസ്തകം 351-ാമത്തെ വശത്തു പ്രസിദ്ധീകരിച്ചിരുന്നു. 1015-ാമാണ്ടു തുലാം 28-ാനു-യിലെ ഒരു രേഖയാണ് അത്. അതിൽനിന്നു എഴുന്നള്ളത്തോടു പാർത്തിരുന്ന കലക്കത്തു് കുഞ്ചൻനമ്പിയാരുടെ അനന്തരവരിൽ അരതപേർതന്നെയുള്ള മററൊരാൾ അമ്പലപ്പുഴെ പാർത്തുവന്നിരുന്നു എന്നും അമ്മാവനു് അമ്പലപ്പുഴ മണ്ഡപത്തുംവാതിൽക്കൽനിന്നും മാസംഒന്നിനു പതിനഞ്ചുപണംഅടുത്തൂണും ഇരുനാഴി പാല്പായസവും അനുഭവമായി കൊടുത്തുവന്നിരുന്നത് ആ അനന്തരവനു പതിച്ചുകൊടുത്തിരുന്നു എന്നും അദ്ദേഹം 1015-ാമാണ്ടു ചിങ്ങമാസത്തിൽ അന്തരിച്ച അവസരത്തിൽ അതെല്ലാം വീണ്ടും പേരുമാററി 1015-ാമാണ്ടു തുലാമാസം 28-ാനു അദ്ദേഹത്തിൻെറ അനന്തരവൻ കൃഷ്ണൻനമ്പിയാക്കു പതിച്ചുകൊടുത്തു എന്നും കാണാവുന്നതാണു്. മഹാകവി കുഞ്ചൻനമ്പിയാരാണു് "എഴുന്നള്ളത്തോടുകൂടി പാത്തിരുന്ന," അതായതു് തിരുവിതാംകൂർ മഹാരാജാവിനെ ആശ്രയിച്ചു തിരുവനന്തപുരത്തു താമസിച്ചിരുന്ന, ആദ്യത്തെ കുഞ്ചൻനമ്പിയാർ. രണ്ടാമത്തെ കുഞ്ചൻനമ്പിയാർ അദ്ദേഹത്തിൻെറ നേരെ ഭാഗിനേയനായിരുന്നിരിക്കുവാൻ ഇടയില്ല. മരുമക്കവഴിയുള്ള സന്താനപരമ്പരയിൽപെട്ട ഒരാളായിരിക്കുവാനാണ് ന്യായം. എന്തെന്നാൽ മഹാകവിക്കു 933, 934, ഈ കൊല്ലങ്ങളിൽ അന്നു നാടുവാണിരുന്ന തിരു

വിതാംകൂർ മഹാരാജാക്കന്മാർ വീരശൃംഖല സമ്മാനിച്ചിട്ടുണ്ട്. അതിരിക്കട്ടെ.

ആ കൃഷ്ണൻനമ്പിയാക്കു കുഞ്ഞുകൃഷ്ണൻനമ്പിയാർ എന്നും പേരുണ്ടായിരുന്നു. അദ്ദേഹം 1019-ാമാണ്ടു മരിച്ചു ആ അവസരത്തിൽ അമ്പലപ്പുഴമണ്ഡപത്തും വാതില്ക്കലുള്ള കലക്കത്തുവക ഗൃഹവും വെങ്കലപാത്രങ്ങളും മററും കണ്ടുകെട്ടുന്നതിനും ക്ഷേത്രത്തിൽനിന്നുള്ള അനുഭവങ്ങൾ പിടിത്തമെഴുതുന്നതിനും, സർക്കാരുദ്യോഗസ്ഥന്മാർ ഒരുമ്പെട്ടു. കൃഷ്ണൻനമ്പിയാക്ക് അവകാശികളായി ആരും ഇല്ലെന്നായിരുന്നു അവരുടെ ധാരണ. അപ്പോൾ കൃഷ്ണൻ നമ്പിയാരുടെ ഉടപ്പിറന്നവൾ 'കോഴിക്കോട്ടു കിള്ളിക്കുറിച്ചിമംഗലത്തു കലക്കത്തുനമ്പിയാർ മഠത്തിൽ പാറുവതി നങ്ങിയാർ മുതൽപേര്" അമ്പലപ്പുഴെവന്നു തങ്ങളാണ് അവകാശികൾ എന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയാൽ എല്ലാത്തടങ്കലുകളും ഒഴിച്ചു മററും വെങ്കലപാത്രങ്ങളും അടുത്തൂനും പാല്പായസവും പാർവ്വതി നങ്ങയാരുടെ പേക്കു പതിച്ചുകൊടുക്കുന്നതിനു വെങ്കിട്ടരായർ ദിവാൻജി നിശ്ചയിച്ചു കൊട്ടാരത്തിലേക്കെഴുതി അനുവാദം വരുത്തി. ഹജൂരിൽനിന്നു അതു സംബന്ധമായി കൊട്ടാരത്തിലേയ്ക്കു് അയച്ച സാധനം ഇവിടെ ഉദ്ധരിച്ച് ആ വസ്തുതകൾ തെളിയിക്കാം. 1020-ാമാണ്ടു കാർത്തികമാസം 20-ാംനു-യാണ് അതെഴുതിയതു്. 'കോഴിക്കോട്" എന്നു സാധനത്തിൽ കാണുന്നതു തിരുവിതാംകൂറിൽ അന്നു മലബാർ ജില്ലയ്ക്കുണ്ടായിരുന്ന പൊതുപ്പേരാണ്.

"1020-ാമാണ്ടു കാർത്തികമാസം 5-ാംനു- ഇവിടത്തെച്ചെയ്തി ആവിള മംഗലത്തു കഞ്ചൻനമ്പിയാരിടെ അനന്തിരവൻ അമ്പലപ്പുഴപാർത്തിരുന്ന കുഞ്ഞികിട്ടിണൻ നമ്പിയാക്കു ആ മണ്ഡപത്തുംവാതുക്കൽനിന്നും പതിവുവച്ചുകൊടുത്തുവന്ന അടുത്തൂൺമുതലായതു അയാൾ 1019-ാമാണ്ടു കഴിഞ്ഞുപോയതിന്റെ ശേഷം കൊടുക്കാതെ പിടിത്തം എഴുതുകയും മഠം വെങ്കലപാത്തിറം മുതലായവകകൾ തടവുചെയ്കയും ചെയ്തിരിക്കുന്ന സംഗതി ഇടപെട്ടു കുഞ്ഞികിട്ടിണൻനമ്പിയാരിടെ ഉടപ്പിറന്നവർ കോഴിക്കോട്ടു കിള്ളികുറിച്ചിമംഗലത്തു കലക്കത്തു നമ്പിയാർമഠത്തിൽ പാറുവതിനങ്ങിയാർ മുതൽപേരു ആവലാതി ബോധിപ്പിച്ചു ഉത്തരവു ചെന്നിരിക്കുന്ന സംഗതിക്കു അമ്പലപ്പുഴ വടക്കെമഠത്തിൽ പൊതുവാൻ ചക്കിറപാണിവാരിയരുമുതൽ പേരെ വരുത്തി കേട്ടാറെ പാറുവതി നങ്ങിയാർ കുഞ്ഞികിട്ടിണൻ നമ്പിയാരിടെ നേരെ ഉടപ്പിറന്നവൾതന്നെ എന്നും മററും കച്ചീട്ടു എഴുതിവെക്കയും അമ്പലപ്പുഴ ദേവസ്വംവകയിൽ എഴുതി അയച്ചു മറുപടി ചെന്നിരിക്കുന്നതിൽ എഴുന്നള്ളത്തോടു പാർത്തിരുന്ന കലക്കത്തു കഞ്ചൻ നമ്പിയാരിടെ അനന്തിരവരിൽ അമ്പലപ്പുഴെ പാർത്തിരുന്ന കഞ്ചൻ നമ്പിയാരിടെ പേക്കു മാസം ഒന്നിനു 15 പണം വീതം അടുത്തൂനും ക്ഷേത്തിറത്തിൽ നാൾ 1-ക്കു ഇരുനാഴി പാൽപ്പായസവും വീതം കൊടുത്തുവരുംപോൾ അയാൾ 1015-ാമാണ്ടു ചിങ്ങമാസത്തിൽ കഴിഞ്ഞുപോയാറെ ആസ്ഥി അനന്തിരവൻ കുഞ്ഞികിട്ടിണൻ നമ്പിയാരിടെ പേക്കു കല്പന പിറകാരം പതിച്ചുകൊടുത്തിരുന്നതാകുന്നു എന്നു കാണുകയും ചെയ്തിരിക്കകൊണ്ടു ആ കച്ചീട്ടുമുതലായതിൻ പെർപ്പുകൊടുത്തയക്കുന്ന പിറകാരവും കുഞ്ഞികിട്ടിണൻനമ്പിയാർ കഴിഞ്ഞുപോയ സമയത്തു ആവലാതിക്കാരുമുതൽ പേരുകളെ ഇല്ലാതെ ഇരിക്കയാൽ പണ്ടാരവകയിൽ

നിന്നു ചവതാകം മുതലായതു കഴിപ്പിച്ചു അയാളിടെ മഠവും, വെങ്കിലപ്പാത്തിരം മുതലായതും തടവുചെയ്യുകയും ആടിമാസം വരെ അട്ടത്തൂൺവകക്കു കെട്ടിച്ചെന്നിരുന്ന പണം തിരിയെ കല്പനാവിൽ കടക്കുകയും ചെയ്തിരിക്കുന്നതും പാറുവതി നങ്ങയാക്കു ചേരിട്ടു നാലു പെൺകിടാങ്ങൾ ഉള്ളതല്ലാതെ പുരുഷന്മാരും നിതാനത്തിനുവകയും ഇല്ലെന്നുകാണുന്നതിനാൽ കുഞ്ഞികിട്ടിണ്ണൻ നമ്പിയാക്കു കൊടുത്തുവന്നതിൻമണ്ണും ഉള്ള അട്ടത്തൂണും പാൽപ്പായസവും പാറുവതി നങ്ങയാരിടെ പേക്കു പതിച്ചും തടവുചെയ്തിരിക്കുന്ന മഠം വെങ്കലപാത്തിരം മുതലായതു കഴിഞ്ഞുകൊടുപ്പിക്കയും ചെയ്യാനുള്ളതാകുന്നു എന്നും അമ്പലപ്പുഴ തഹമിൽതാർ ചിങ്ങമാസം 21-ാനു എഴുതിയ സാതനം വന്നിരിക്കകൊണ്ടു മഠവും വെങ്കിലപാത്തിരം മുതലായതും കഴിഞ്ഞുകൊടുപ്പിക്കുന്നതിനു തഹചീൽത (പൊടിപ്പു) കൊടുത്തയച്ചിരിക്കുന്നതാകയാൽ അട്ടത്തൂണും പാൽപ്പായസവും പെരുമാറി പതിച്ചുകൊടുക്കേണ്ടുന്ന സങ്ങതിക്കു വത്തമാനം സമയംകണ്ടു തിരുമനസ്സറിയിച്ചു കല്പനവരുന്ന വിവരത്തിന് എഴുതിവരികയും വേണം.”

ആ പാവ്തിനങ്ങയാർ 1042 ൽമരിച്ചു അവക്കു സ്ത്രീപ്രജകളെ ഉണ്ടായിരുന്നുള്ളു എന്നു മുൻപുദ്ധരിച്ച രേഖയിൽനിന്നു നാം കണ്ടുവല്ലോ അവരിൽ മൂത്തജ്യേഷ്ഠത്തിയും കരുപാവ്തി നങ്ങയാരായിരുന്നു. 1043 തുലാം 1-ാനു മരിച്ച നങ്ങിയാരുടെ അനുഭവങ്ങളെല്ലാം അവക്കു ദിവാൻ സർ റ്റി. മാധവരായർ വീണ്ടും പേരുമാറി പതിച്ചുകൊടുത്തു. അതിനു തെളിവാണ് ചുവടെ ചേക്കുന്ന പ്രമാണം. അതിലും രണ്ടാമത്തെ പാവ്തി നങ്ങിയാരുടെ കാരണവനാണ് കഞ്ചൻനമ്പിയാർ (മഹാകവി) എന്നു പറഞ്ഞിരിക്കുന്നതു നോക്കുക.

ഇവിടത്തെച്ചെയ്തി ആവിളു മങ്ങലത്ത് കലക്കത്തു പാവ്തി നങ്ങയാരിടെ അമ്മ പാവ്തി നങ്ങയാരിടെപേക്കു അമ്പലപ്പുഴ മണ്ഡപത്തുംവാതുക്കൽ മാസം 15 പണം അട്ടത്തൂണും ആ ക്ഷേത്രത്തിൽനിന്നും ദിവസം ഇടങ്ങാഴി പായസവും അപ്പവും പതിവുവച്ചുകൊടുത്തുവരുമ്പോൾ ആ നങ്ങയാർ കഴിഞ്ഞയാണ്ടിൽ മരിച്ചുപോയ പിറകെയ്യും അട്ടത്തൂൺ മുതലായ്ത് ഇവളിടെ കാരണവൻ കഞ്ചൻനമ്പിയാരിടെ കാലംമുതല്ക്കു പതിച്ചുകൊടുക്കേണ്ടുന്ന സങ്ങതിക്കു മണ്ഡപത്തുംവാതുക്കൽ ബോധിപ്പിച്ച് അപ്പൂതിൽ എഴുതി അയച്ചതിൻെറ ശേഷം ആസ്ഥപടിത്തം എഴുതുന്നതിനു ഉത്തരവ് അയക്കയും ആവലാതിക്കാറി മുതൽപേക്കു നിതാനവിറുത്തിക്കു മറൊരു നിവാഹം ഇല്ലാതെ കഷ്ടപ്പെട്ടുവരികയും ചെയ്തിരിക്കുന്നതും ആകയാൽ അട്ടത്തൂൺ മുതലായതു പതിച്ചുകൊടുക്കുന്നതിനു നിതാന്തം വാണമെന്നും മേലെഴുതിയ പാവ്തി നങ്ങയാർ തിരുമുമ്പാകെ സങ്കടം വച്ചിരിക്കുന്ന അവസ്ഥ തിരുമനസ്സറിയിച്ചതിൻെറ ശേഷം മരിച്ചുപോയ നങ്ങയാരിടെപേക്കു ഉണ്ടായിരുന്ന അട്ടത്തൂൺ വകപ്പണവും പായസവും അപ്പവും ആവലാതിക്കാറി പാവ്തി നങ്ങയാരിടെപേക്കു പതിച്ചു കൊടുപ്പിക്കുന്നതിനു കല്പനവന്നിരിക്കുന്ന പിറകാവും പവൃസ്സതാർ കമ്മീഷണർ പൂരട്ടാതിമാസം 12-ാനു എഴുതിയ സാധനം വന്നു വിചാരിച്ചാറെ ഈവക അട്ടത്തൂൺ മുതലായതു പെഷ്കാരിടെ എഴുത്തനുസരിച്ചു പിടിത്തം എഴുതിവരുന്നതായി കാണുന്നതാകകൊണ്ടു ഇനി ഒരു ഉത്തരവ് അയക്കുന്നതുവരെ ഇപ്പോൾ കല്പനപ്രകാരം എഴുതിവന്നിരിക്കുന്നതുപോലെ

കൊട്ടപ്പിക്കുന്നതിനു ചട്ടംകെട്ടി കൊള്ളുകയും വേണം ഇച്ചെയിതി എല്ലാം രാമൻപിള്ള വായിച്ചു രാമാരായർ ദിവാൻപേഷ്കാരെ കേൾപ്പിച്ചുവെക്കയും വേണം.

ഇച്ചെയിതിക്കു സാധനം എഴുതിയ ദിവാനു സർ. മാതവരായർ!".

ഞാൻ ഈ പ്രമാണങ്ങൾ ഇവിടെ പ്രദർശിപ്പിച്ചതിന്റെ മുഖ്യോദ്ദേശ്യം കിള്ളിക്കുറിശ്ശിമങ്ങലത്തിന് അക്കാലങ്ങളിൽ മങ്ങലമെന്നും പേരുണ്ടായിരുന്നു എന്നു കാണിക്കുന്നതിനാണ്. രാമപാണിവാദന്റെ ചന്ദ്രികാവീഥിയിൽ "മങ്ങലഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതാം" എന്നൊരു പംക്തിയുണ്ട്. ലീലാവതീവീഥിയിലും 'മങ്ങലഗ്രാമവാസ്തവ്യസ്യ എന്നു പ്രസ്താവനകാണുന്നു. ആ മങ്ങലം വെട്ടത്തുനാട്ടിൽ തിരുവിനടുത്തുള്ള മങ്ങലമാണെന്നും ലക്കിടി തീവണ്ടിയാപ്പീസിനു സമീപമുള്ള കിള്ളിക്കുറിശ്ശിമങ്ങലമല്ലെന്നും ചിലർ വാദിക്കുന്നു. ആ വാദം സയുക്തികമല്ലെന്നു തെളിയിക്കുവാൻ എനിക്കു വേറെയും പല ന്യായങ്ങളുണ്ട്; അവയെ ഇവിടെ പ്രപഞ്ചനം ചെയ്യണമെന്നു വിചാരിക്കുന്നില്ല. ഞാൻ ഉദ്ധരിച്ച രണ്ടു പ്രമാണങ്ങളിൽ ആദ്യത്തേതിൽ മങ്ങലത്തു കുഞ്ചൻനമ്പിയാർ" എന്നും "കിള്ളിക്കുറിച്ചിമങ്ങലത്തു കലക്കത്തു കുഞ്ചൻനമ്പിയാർ" എന്നും രണ്ടാമത്തേതിൽ "മങ്ങലത്തു കലക്കത്തു പാർവ്വതി നങ്ങിയാർ" എന്നും ആണല്ലോ പറഞ്ഞിട്ടുള്ളതു്.

# മഹാകവി കബീർദാസൻ.

പുഴങ്കര നാരായണമേനോൻ,

ഭാരതവർഷത്തിൽ ഇരുപത്തഞ്ചുകോടിയിലധികംപേർക്കു പരിചിതമായ ഒരു ഭാഷയാകുന്നു ഹിന്ദി. പതിനഞ്ചുകോടിയിലധികം ജനങ്ങളുടെ സംസാരഭാഷതന്നെ ഹിന്ദിയാണെന്നുപറയുമ്പോൾ ഭാരതീയ ജീവൽഭാഷകളിൽ അതിനു സിദ്ധിച്ചിട്ടുള്ള സർവ്വോത്തരമായ ഔൽകൃഷ്ട്യം പ്രസ്പഷ്ടമാകുന്നു. വൈഷ്ണവമതത്തിന്റെ പ്രാരംഭദശയോടുകൂടിയാണ് ഹിന്ദിസാഹിത്യത്തിനു ഉൽക്കർഷമുണ്ടായതു്. ആ കാലത്തു 'വ്രജഭാഷ' എന്ന അപരാഭിധാനത്താലാണു ഹിന്ദിസാഹിത്യം അറിയപ്പെട്ടിരുന്നതു്. വൈഷ്ണവകവികളിൽ പ്രധാനികൾ വിദ്യാപതി, കബീർദാസൻ, തുളസീദാസൻ, കേശവദാസനൻ മുതലായവരാണ്. ഇവരിൽ പ്രഥമഗണനീയൻ വിദ്യാപതിയാണ്. അദ്ദേഹത്തിന്റെ 'വംഗീയപദാവലി' ഹിന്ദി സാഹിത്യഭണ്ഡാഗാരത്തിലെ ഒരു അക്ഷയനിധിയാണെന്നുപറയാം. വിദ്യാപതിയെപ്പോലെയോ അദ്ദേഹത്തെക്കാൾകൂടുതലായോ പ്രശസ്തിയുള്ള ഒരു മഹാകവിയാണ് ഈ ഉപന്യാസത്തിനു വിഷയീഭൂതനായ മഹാത്മാ കബീർദാസൻ.

ഭാരതവർഷത്തിൽ ആസേതുഹിമാചലം കബീർദാസന്റെ നാമം സുപ്രസിദ്ധമാകുന്നു. ഈ മഹാത്മാവിന്റെ സ്തോത്രങ്ങൾ പണ്ഡിതപാമരഭേദമെന്നിയേ സകലരും ഭക്തിപൂർവ്വം ഇന്നും ഗാനംചെയ്തുവരുന്നു. സർവ്വസാധാരണമായ പഴഞ്ചൊല്ലുകളെന്നപോലെ ഇദ്ദേഹത്തിന്റെ കൃതികൾ നാട്ടിലും നഗരത്തിലും പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളവയുമാണ്. മഹാകവി രവീന്ദ്രനാഥടാഗൂർ കബീറിന്റെ ഭാദോ

ടിപ്പാട്ടുകളിൽ നൂറെറണ്ണം തിരഞ്ഞെടുത്തു് ഇംഗ്ലീഷിലേക്കു വിവൎത്തനംചെയ്തു പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. ഈ ഒരൊററ തെളിവുമതി അവയ്ക്കുള്ള മേന്മയെ അല്പമെങ്കിലും വിശദമാക്കുവാൻ. കബീറിന്റെ നവീനപ്രസ്ഥാനം അറിയപ്പെടുന്നതു 'കബീർപന്ഥ്' എന്ന പേരിലാണു്. മതാചാര്യനായ കബീറിന്റെ അനുയായികളിൽ പലരും സന്ന്യാസിമാരായിരുന്നു; ചിലർ ഗൃഹസ്ഥവൃത്തിക്കാരും. 'കബീർപന്ഥ്' സ്വീകരിച്ച സന്ന്യാസിമാർ തലയിൽ കറുപ്പു തൊപ്പി ധരിക്കുന്നു.

കബീർദാസൻ ആരായിരുന്നു? ഏതുരാജ്യത്തിൽ ജനിച്ചു? ജീവകാലമേതു്? യഥാൎത്ഥനാമമെന്തു്? ഗുരുവാരായിരുന്നു? ഏതുമതമാണനുഷ്ഠിച്ചിരുന്നതു്? ഇദ്ദേഹം നിത്യബ്രഹ്മചാരിയോ ഗൃഹസ്ഥനോ ആയിരുന്നതു്? മാതാപിതാക്കന്മാർ ആരായിരുന്നു? എന്നിങ്ങനെ ഒരാളുടെ ജീവചരിത്രത്തിൽ അവശ്യം പ്രസ്താവിക്കേണ്ടതായ സമാധാനങ്ങൾ കബീറിനെ സംബന്ധിച്ചിടത്തോളം വിശ്വാസയോഗ്യമായവിധം രേഖപ്പെടുത്തുന്നതിനു നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. ഈവക വിഷയങ്ങളിൽ കബീറിന്റെ ജീവചരിത്രകാരന്മാരെല്ലാം ഭിന്നഭിന്നങ്ങളായ അഭിപ്രായങ്ങളാണു പുറപ്പെടുവിച്ചുകാണുന്നതു്. തന്നിമിത്തം അവയിൽ വിശ്വാസ്യതയുടേയും സത്യത്തിന്റെയും അംശങ്ങൾ എത്രത്തോളമുണ്ടെന്നു നിൎണ്ണയിക്കുക വിഷമമായിത്തീൎന്നിരിക്കുന്നു. ഏതാനും തെളിവുകളെ പുരസ്കരിച്ചു ചിലതെല്ലാം ചുവടെ പ്രതിപാദിച്ചുകൊള്ളുന്നു.

കബീർ'കസൌട്ടി'യിൽ ഇദ്ദേഹത്തിന്റെ ജനനം വിക്രമാബ്ദം 1455ഉം മരണം 1575 ഉമാണെന്നു കാണുന്നു. കബീർ പന്ഥികളാവട്ടെ ഈ മഹാത്മാവു മുന്നൂറുവൎഷം ജീവിച്ചിരുന്നതായ് പറയുന്നു. അവരുടെ അഭിപ്രായപ്രകാരം വിക്രമാബ്ദം 1205 മുതൽ 1505 വരെയാണു് ഇദ്ദേഹത്തിന്റെ ജീവകാലം. ഈ മതഭേദങ്ങളിൽ യാഥാൎത്ഥ്യം നിൎണ്ണയിക്കുവാൻ ലക്ഷ്യങ്ങളില്ലെങ്കിലും കബീറിന്റെ അനുയായികളിൽ വിദ്വാന്മാരായിട്ടുള്ളവരുടെ അഭിപ്രായം കബീർ 'കസൌടി'യിൽ പറഞ്ഞിട്ടുള്ളതു ശരിയെന്നാകുന്നു.

ഇദ്ദേഹത്തിന്റെ ഉപജീവനവൃത്തിയെ സംബന്ധിച്ചിടത്തോളം വിവാദത്തിനു വകയില്ലാത്തവിധം സ്വകൃതികളിൽനിന്നുതന്നെ സ്പഷ്ടമായറിയാം. "നിങ്ങൾ ബ്രാഹ്മണർ, ഞാൻ കാശിയിലെ ഒരു നെയ്ത്തുകാരൻ, എന്റെ അറിവു് എത്ര ഉണ്ടെന്നു മനസ്സിലാക്കിയാലും." ആദിഗ്രന്ഥത്തിലെ ആ വരിയാണിതു്. ഇതിൽനിന്നും കബീർ ഒരു നെയ്ത്തുകാരനായിരുന്നുവെന്നു തീരുമാനിക്കാം. പക്ഷേ, ജന്മനാ ഇദ്ദേഹം നെയ്ത്തുകാരനായിരുന്നില്ലെന്നും ഈ അവസരത്തിൽ സ്മരണീയമാകുന്നു.

വിക്രമാബ്ദം 1455 ജ്യേഷ്ഠമാസത്തിലെ പൌൎണ്ണമിയിൽ ഒരു ബ്രാഹ്മണവിധവയുടെ ഗൎഭത്തിൽനിന്നും ജാതനായ ശിശുവാണു് അനന്തരകാലത്തിൽ കബീർദാസനെന്നപേരിൽ സുപ്രസിദ്ധനായതു്. ലോകലജ്ജാവിവശയായ ആ വിധവ കാശിയിലെ സ്നാനഘട്ടത്തിന്റെ തീരപ്രദേശത്തിൽ ശിശുവിനെ പരിത്യജിച്ചുപോയി. ദൈവഗത്യാ ഒരു നെയ്ത്തുകാരനും അയാളുടെ ഭാൎയ്യയും (നീരുഎന്നും നീമാ എന്നുമാണിവരുടെ പേരുകൾ) ആവഴിയെ വരുവാനും മനുഷ്യസഹജമായ വാത്സല്യത്താൽ പ്രേരിതരായ് ഈ അനാഥശിശുവിനെ കണ്ടെടുക്കുവാനും സംഗതിവന്നു. ഈ ദമ്പതികളുടെ വളൎത്തുപുത്രനാണു പ്രാ

യപൂത്തിവന്നപ്പോഠം മഹാത്മാ കബീർദാസൻ എന്നു വിശ്വവിശ്രുതനായതു്.

സൂര്യപുരുഷൻ ബാല്യകാലംമുതല്ക്കെ ഈശ്വരവിചാരനിരതനും, ധർമ്മപരായണനുമായിരുന്നു. സദാ രാമനാമം ജപിച്ചു ദിവസംകഴിച്ചുവന്നു. ആ കാലത്തു ഒരു നെയ്ത്തുകാരൻെറ വീട്ടിൽ രാമനാമം ജപിക്കുക അസംഭവ്യമായിരുന്നു. പക്ഷേ കാര്യത്തിൻെറ പോക്കു വിചിത്രകരമാണല്ലോ. അസംഭവ്യമായ് നാം പരിഗണിക്കുന്ന എന്തെല്ലാം കാര്യങ്ങഠം നമ്മുടെ നിത്യജീവിതത്തിൽ പ്രത്യക്ഷമായി കാണപ്പെടുന്നു.

ഭക്തവര്യനായ കബീർദാസൻെറ ഗുരുസ്വാമി രാമാനന്ദനാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു ഇതിനെ സംബന്ധിച്ചും ഒരു ചെറിയ ഐതിഹ്യമുണ്ടു്. രാമാനന്ദാചാര്യർ നിത്യവും പ്രാതഃകാലത്തിൽ ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേററു ഗംഗാസ്നാനത്തിനു മണികർണ്ണികാഘട്ടത്തിൽ പോകപതിവായിരുന്നു. ഒരുദിവസം ഇദ്ദേഹം സ്നാനത്തിനുപോകുമ്പോഠം മണികർണ്ണികാഘട്ടത്തിൻെറ കല്പടകളിലൊന്നിൽ കിടന്നുറങ്ങിയിരുന്ന കബീറിൻെറമേൽ അറിയാതെ ചവിട്ടിപ്പോയി. പരിഭ്രാന്തനായ ആചാര്യൻ രാമനാമംജപിച്ചു. തദവസരത്തിൽ കബീർകേട്ട ആ നാമം ഗുരുമന്ത്രമായ്ഗണിച്ചു് അന്നുമുതൽ അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചു. ഒരു യവനഗൃഹത്തിൽ വളൎന്നുവന്ന കബീർ ഹിന്ദുമതധർമ്മങ്ങളനുസരിച്ചു ജീവിതം നയിച്ചുവെന്നുകേഠക്കുമ്പോഠം ചിലക്കു ആശ്ചര്യമുണ്ടാകാം.

മാതാപിതാക്കളുടെ പാരമ്പര്യത്തൊഴിലായ നെയ്ത്തുകൊണ്ടുതന്നെയാണു് കബീർതൻെറ ഉപജീവനവും കഴിച്ചിരുന്നതു്. സ്വപ്രകൃതിയിൽനിന്നുതന്നെ ഈ കാര്യം സ്പഷ്ടമാണെന്നു മുമ്പുപറഞ്ഞിട്ടുണ്ടല്ലോ. ഇദ്ദേഹം ബ്രഹ്മചാരിയോ വിവാഹിതനോ ആയിരുന്നതെന്നകാര്യത്തിലും മതഭേദമുണ്ടു്. വിഭിന്നമതത്തെ ആദരിച്ചുനോക്കുമ്പോഠം 'ലോയി'എന്ന പേരോടുകൂടിയ ഒരു സ്ത്രീ ആമരണം അദ്ദേഹമൊരുമിച്ചു വസിച്ചിരുന്നുവെന്നും എന്നാൽ അവരെ അദ്ദേഹം വിവാഹംകഴിച്ചിട്ടില്ലെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു മറെറാരുകൂട്ടർ പറയുന്നതനുസരിച്ചു ലോയി അദ്ദേഹത്തിൻെറ സഹധർമ്മചാരിണിയായിരുന്നുവെന്നും 'കമാൽ' എന്നും 'കമാലം' എന്നും പേരുകളോടുകൂടിയ ഒരു പുത്രനും പുത്രിയും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും അനുമാനിക്കേണ്ടതായ്വരുന്നു.

സദ്ഗുണസമ്പന്നനും സദാചാരനിരതനുമായിരുന്നു കബീർ. ഒരിക്കൽ അദ്ദേഹത്തിൻെറ ഗൃഹത്തിൽ ക്ഷുധാൎത്തരായ അനവധി സാധുക്കഠം ഒരുമിച്ചുവരികയുണ്ടായി. എന്നാൽ അദ്ദേഹത്തിൻെറ പക്കൽ ധനമോധാന്യമോ ഉണ്ടായിരുന്നില്ല. കബീർ ഇതികർത്തവ്യതാമൂഢനായിത്തീൎന്നസമയം ലോയി അദ്ദേഹത്തോടിങ്ങനെ പറഞ്ഞു "അവിടന്നു കല്പിക്കയാണെങ്കിൽ ഇവിടെ അടുത്തുള്ള ശ്രേഷ്ഠകുമാരൻെറ അടുക്കൽനിന്നും ഉറപ്പിക വാങ്ങിക്കൊണ്ടുവരാം. എന്തുകൊണ്ടെന്നാൽ അയാഠം എന്നിൽ മോഹിതനായിട്ടുണ്ടെന്നു വെളിവാക്കീട്ടുണ്ടു്; പോകേണ്ടതാമസമേയുള്ളു അയാളുടെ പക്കൽനിന്നും പണംകിട്ടുവാൻ." ഇതുകേട്ടു കബീർപണം വാങ്ങിക്കൊണ്ടുവരുവാൻപറഞ്ഞു. ലോയി ശ്രേഷ്ഠകുമാരൻെറ അടുക്കൽപോയി അദ്ദേഹത്തിൻെറ അഭിനിവേശം സാധിച്ചുകൊടുക്കാമെന്നുപറഞ്ഞു ആവശ്യമുള്ള ധനം വാങ്ങിക്കൊണ്ടുവരികയുംചെയ്തു.

കബീർദാസനും ലോയിയും സാധു

ജനങ്ങളെ യഥോചിതം സല്ക്കരിച്ചു പകൽ കഴിച്ചുകൂട്ടി, സമയം രാത്രിയായി. അന്ധകാരം നാലുപാടും പരന്നു. ദൈവഗത്യാ വർഷവും ആരംഭിച്ചു. കബീരിന്റെ അരികെ ചെന്നു ലോയി, താൻ പ്രഭുകുമാരനോടു ചെയ്തിരിക്കുന്ന വാഗ്ദത്തത്തെപ്പററി പറഞ്ഞു. കബീരിന്നു ലേശവും മനസ്സമാധാനമുണ്ടായില്ല. പ്രഭുകുമാരനോടു പറഞ്ഞിട്ടുള്ള വാക്കു നിറവേററിയില്ലെങ്കിൽ ലോയി വിശ്വാസവഞ്ചകിയാകുമല്ലൊ. ജലപാനംപോലും ചെയ്യാതെ കബീർ ലോയിയെ തന്റെ സ്കന്ധത്തിൽ വഹിച്ചു പ്രഭുപുത്രന്റെ ഗൃഹത്തിലെത്തി. ലോയി അകത്തേക്കു കടന്നുപോകയും കബീർ പുറമെ നില്ക്കയുംചെയ്തു. മഴപെയ്തുകൊണ്ടിരുന്ന ആ സമയത്തു ലോയിയുടെ പാദം പോലും നനയാതിരിപ്പാൻ കാരണമെന്തെന്നു അന്വേഷിച്ചപ്പോൾ പ്രഭുപുത്രനു കാര്യങ്ങളെല്ലാം മനസ്സിലായി. പ്രഭുപുത്രൻ ലോയിയുടെ പാദങ്ങളിൽവീണു നമസ്കരിച്ചു. പിന്നീടദ്ദേഹം പുറത്തുവന്നു കബീരിന്റെ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു ക്ഷമായാചനം ചെയ്തു. അന്നു മുതൽ ആ യുവാവു കബീരിന്റെ ഉത്തമ ശിഷ്യനായി.

കബീരിന്നു എഴുതുവാനോ വായിക്കുവാനോ അറിവുണ്ടായിരുന്നില്ല. അദ്ദേഹം സത്തുക്കളും സന്ന്യാസിമാരുമായി സഹവസിക്കയും സംസർഗ്ഗംചെയ്കയും പതിവായിരുന്നു. സജ്ജനസംസർഗ്ഗംകൊണ്ടുതന്നെയാണു് അദ്ദേഹം ഹിന്തുമതധർമ്മങ്ങളിലെ ഗൂഢതത്വങ്ങൾ യഥാവിധിഗ്രഹിച്ചതു്. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഹിന്തുക്കളെന്നും മുസൽമാന്മാരെന്നുമുള്ള ഭേദബുദ്ധിക്കിടമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ രണ്ടുകൂട്ടരും ഒരുപോലെ സ്വീകരിക്കയുംചെയ്തിരുന്നു. അദ്ദേഹത്തിന്നു ചില വിരോധികളുമുണ്ടായിരുന്നു. ഏതൊരു മഹാത്മാവിന്നാണു് അവരവരുടെ ജീവിതകാലത്തു എതിർശക്തികളോടു പൊരുതേണ്ടതായ് വന്നിട്ടില്ലാത്തതു്? ഭക്തവര്യനും ഉത്തമകവിയും സൽഗുണസമ്പന്നനുമായ കബീരിന്നും ചില വിരോധികളുണ്ടായിരുന്നുവെന്നതിൽ അത്ഭുതത്തിന്നു ലേശവും അവകാശമില്ലല്ലൊ.

കബീർ സ്വയം ഒരു ഗ്രന്ഥവും എഴുതീട്ടില്ല. സ്തോത്രങ്ങളും ഭജനകീർത്തനങ്ങളുമായി അദ്ദേഹത്തിന്റെ രസനയിൽനിന്നും നിർഗ്ഗളിച്ചിട്ടുള്ള കൃതികൾ കുറച്ചൊന്നുമല്ല. അവകളെല്ലാം അദ്ദേഹത്തിന്റെ ശിഷ്യസഞ്ചയം സംഗ്രഹിക്കുകയാണു ചെയ്തിട്ടുള്ളതു്. കബീർ പന്ഥിലെ ഉത്തമകൃതികളിൽ അധികാംശവും കബീരിന്റെ ശിഷ്യന്മാർ രചിച്ചവയാണെന്നും ഒരഭിപ്രായമുണ്ടു്. കബീരിന്റേതായറിയപ്പെടുന്ന പല കൃതികളും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടേതാണെന്നും ഈക്കൂട്ടർ വാദിക്കുന്നു. ഈ അഭിപ്രായത്തെ വിശ്വസിക്കുവാൻ മതിയായ തെളിവുകളില്ലെങ്കിലും ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണു്. കബീരിന്റെ 'ഖാസ്' ഗ്രന്ഥത്തിൽ ഇരുപത്തൊന്നു കൃതികൾ അടങ്ങീട്ടുണ്ടു്. സുഖനിധാനം, ബീജക്, മൈനി, ഗോരഖ്നാഥന്റെ ഗോഷ്ഠി, ശബ്ദാവലി, വസന്തം, മംഗളമുതലായവയാകുന്നു അവ.

കബീർ പന്ഥികളുടെ സർവ്വാതിശായിയായ ആദരവിനെ അർഹിക്കുന്നതു 'ബീജക്' എന്ന കൃതിയാണു്. ബീജക് രണ്ടു ഭാഗമാകുന്നു. ഒന്നാമത്തേതു കബീർ പറഞ്ഞുവിധം തനിയേ എഴുതപ്പെട്ടിട്ടുള്ളതും രണ്ടാമത്തേതു ശിഷ്യന്മാർ സംഗ്രഹിച്ചിട്ടുള്ളതുമാകുന്നു. രണ്ടിനുംതമ്മിൽ വലിയ അന്തരമുണ്ടു്.

ഗുരുനാനാക്കിനെപ്പോലെ മഹാത്മാ കബീർദാസനും വിഗ്രഹാരാധനയിൽ വ

ലിയ വിരോധമുള്ളവനായിരുന്നു. ഈശ്വരാവതാരത്തെ അദ്ദേഹം ആദരിച്ചിരുന്നില്ല. സത്യലോകവാസിയായ പ്രഭുവിന്റെ ദൂതനാണുതാൻ എന്നാണ് അദ്ദേഹം തന്നെ സംബന്ധിച്ചു പറഞ്ഞിട്ടുള്ളതു്.

ജനങ്ങൾക്കു ഒരന്ധവിശ്വാസമുണ്ടായിരുന്നു; കാശിയിലെ സ്നാനഘട്ടത്തിന്നടുത്തുള്ള 'മഗഹർ' എന്ന സ്ഥലത്തു പ്രാണത്യാഗം ചെയ്യുന്നവർക്കു മോക്ഷപ്രാപ്തിയുണ്ടാവുകയില്ലെന്നു്. സത്യാന്വേഷണതല്പരനായ കബീർ ഈ അന്ധവിശ്വാസത്തെ എങ്ങിനെ ബഹുമാനിക്കും? അദ്ദേഹം ജനങ്ങളുടെ ഈ തെററിദ്ധാരണയെ വിപാടനം ചെയ്വാൻവേണ്ടി അന്ത്യകാലമടുത്തപ്പോൾ മഗഹറിൽപ്പോയി തന്റെ ഐഹികജഡം പരിത്യജിച്ചു സായൂജ്യം നേടി.

കബീറിന്റെ കവിതകൾ മുഴുവൻ സാരോപദേശസംപൂർണ്ണങ്ങളാകുന്നു. അധികവും ഉപദേശരൂപത്തിലാണു അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നതു്. അദ്ദേഹത്തിന്റെ സത്യനിഷ്ഠയെ പ്രസ്പഷ്ടമാക്കുന്നതാണ് ഓരോ പദവും. ഓരോ കവിതയും ഉത്തരോത്തരം ഔൽകൃഷ്ട്യമുള്ളതുമാണ്. അദ്ദേഹത്തിന്റെ വാക്കുകളൊക്കെ ചെറിയതാണ്; എന്നാൽ അതിലടങ്ങിയിട്ടുള്ളതു അഗാധജ്ഞാനത്തിന്റേയും അർത്ഥഗാംഭീര്യത്തിന്റേയും തത്വചിന്തയുടേയും സാരാംശമാകുന്നു. സിക്കുകാരുടെ പ്രസിദ്ധമതഗ്രന്ഥമായ ആദിഗ്രന്ഥത്തിലും കബീറിന്റെ കവിതകൾ സംഗ്രഹിച്ചിട്ടുണ്ട്. ഹിന്ദിസാഹിത്യത്തിൽ കബീറിനുള്ള സ്ഥാനം പ്രത്യേകമാകുന്നു. ഹിന്ദിസാഹിത്യം അതിന്റെ ബാല്യദശയിൽ വർത്തിച്ചിരുന്നകാലത്താണ് കബീർ ജീവിച്ചിരുന്നതെന്നുള്ളതും സ്മരണീയമാണ്.

---

## തങ്കക്കുടം.

(ടി. ആർ. നായർ.)

I

കൈത്തണ്ടമേലെടുത്തോമനിയ്ക്കട്ടെയെൻ
പത്തരമാറ്ററാളിത്തങ്കക്കുടത്തിനെ,
ചന്തംതുളുമ്പുന്ന തോളത്തുമുന്തിരി-
ച്ചെന്തളിർ വല്ലിതഴച്ചപൂങ്കുഞ്ഞിനെ,
വക്രസങ്കല്പ നാട്യം നിറഞ്ഞുള്ളൊ-
രെൻ കൺമണിക്കുംഭാഗ്യത്തികവിനെ
അന്തർന്നിലീനസംസ്കാരം, ബഹിർഭാഗ-
സൌന്ദര്യവും തിങ്ങുമെൻ ജീവിതത്തിനെ,
ആത്മാവിലാത്മാവു കാണിച്ചൊരെൻ കൊ-
ച്ചാരോമലാകുന്ന പുണ്യപ്പുളപ്പിനെ, (കൊ
ക്ഷോണിയ്ക്കഴക, കുഴലിലപ്പിച്ചോര
കാണിക്യമാണിക്യകുംഭസമ്പത്തിനെ.

II

വില്ലീസ്സണിഞ്ഞുള്ള വില്ലാശൊളിക്കൊണ്ട
വല്ലീമതല്ലീ വിമോഹനദേശനേ!
വാസന്തികാസുമവാസനാമാസുര-
വാസന്തി! വക്ഷസ്സണിപ്പൊൻപതക്കമേ!
കാമനിച്ചോമനിച്ചോമനേ! നിന്നെ ഞാ-
നാമോദമുൾക്കൊണ്ടുമിന്നടെ മന്നിതിൽ
ചമ്പകമേനിപുണർന്നു നിന്നോസ്സുമം
ചുംബിച്ചു നിർവാണമുൾക്കൊണ്ടുമേവി
ആരചിച്ചീടട്ടെയൈഹികസ്വർഗ്ഗത്തെ(യും
യാരാലനന്തയിൽ സ്സൌന്ദര്യപുഞ്ജമേ!
കൈത്തണ്ടമേലെടുത്തോമനിയ്ക്കട്ടെയെൻ
പത്തരമാററാളിത്തങ്കക്കുടത്തിനെ

III

പാലലയാഴിയിൽബ്ബിംബിയ്ക്കുമമ്പിളി-
പോലെപിതാവിനെയാത്മാവിലോമന,
വാണുപുളകംമുളപ്പിച്ചുമത്യന്ത-
മാനന്ദവേലിയേററംവരുത്തീടുക!
ജീവാവസാനകാലത്തീക്കുടത്തിലെ
ത്തൂവമൃതത്തിൽതുള്ളിയ്ക്കൽകൊണ്ടാണുഞാൻ

പാർത്തട്ടുവിട്ടുപിരിഞ്ഞുമേവാനത്തു
പാർത്തലംകീർത്തിപുലർത്തിവിലസുക!
കാണട്ടെയെൻമണികാഞ്ചനക്കട്ടയെ
ക്കാണട്ടെയൊക്കത്തെടുക്കട്ടെവീണ്ടുമേ.
ഇത്തനിത്തങ്കക്കുടത്തെത്തഴുകുന്ന
കൈത്തലംപാർത്തലത്തിൻപുണ്യകന്ദളം.

—o—

# *പോസ്ററാപ്പീസ്

(കെ. എം. സുകുമാരൻ)

മനുഷ്യജീവിതത്തിലെ സുഖസ്മൃതികൾപോലെ രാത്രി കഴിഞ്ഞുപോകുന്ന ആകാശത്തിൽ നക്ഷത്രങ്ങൾ മങ്ങിപ്രകാശിച്ചിരുന്നു. ശീതകാലം തീക്ഷ്ണമായ കാററ് സവ്വത്ര പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്ന ആ സന്ദർഭത്തിൽ സ്വശരീരം കമ്പിളികൊണ്ടു പുതച്ച് വിറച്ചുവിറച്ച് തെരുവീഥിയിൽകൂടി വടിയൂന്നി ഒരു വൃദ്ധൻ പതുക്കെ നടന്നുപോകുകയാണ്. ഇടയ്ക്കിടയ്ക്കുള്ള നായ്ക്കളുടെ കുരയും ചില പക്ഷികളുടെ ദീനനാദവുമല്ലാതെ വേറൊരു ശബ്ദവും ആ നിശാന്തശാന്തിയെ ഭേദിച്ചിരുന്നില്ല. വിശേഷരീതിയിൽ നിർമ്മിച്ചിട്ടുള്ള ഒരുന്നത സൌധത്തിൻെറ ബന്ധിച്ച വാതായനത്തിൽകൂടി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ദീപപ്രഭ ആ വൃദ്ധൻകണ്ടു. ദേവാലയംകണ്ട ഭക്തശിരോമണിയെപ്പോലെ അയാൾ സവിനയം അങ്ങോട്ടുനടന്നു. അതൊരു പോസ്റ്റാപ്പീസല്ലാതെ മറെറാന്നും ആയിരുന്നില്ല.

പോസ്റ്റാപ്പീസിൻെറ വരാന്തയിൽ വൃദ്ധൻ ഇരുന്നു. അടുത്ത മുറിയിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന പരസ്പരസംഭാഷണം അയാൾ ശ്രദ്ധിക്കാതിരുന്നില്ല. ദിവാൻ സാഹബ്ബ്, കമ്മീഷണർ, ലൈബ്രേറിയൻ ഇത്യാദി അനന്തരമുണ്ടായ നാമോച്ചാരണങ്ങൾകേട്ട് അയാൾ ഒന്നുഞെട്ടി; എങ്കിലും ശാന്തമായി ഇരുന്നു. 'കോച്‌വാൻ ആലിബാബ' എന്ന് വിനോദപൂർവ്വമായ ഒരു ശബ്ദം അയാൾകേട്ടു. അതായിരുന്നു ആ വൃദ്ധൻെറപേർ. ആലി ദീനനായി മേൽപ്പോട്ടുനോക്കി; എഴുന്നേററു ജനലിങ്കൽ കൈവച്ചുനിന്നു.

'ഗോകുൽ'!

'ആരാ....ത്?'

'അതെൻെറ എഴുത്തല്ലെ? ഞാൻ വന്നിട്ടുണ്ട്.' ഒരു പുച്ഛച്ചിരിയല്ലാതെ ഒരെഴുത്തും ആ സാധുവിനു ലഭിച്ചില്ല. നിരാശയുടെ നെടിയരേഖകൾ ആ ശുഷ്ക്കിച്ച മുഖത്തു പ്രത്യക്ഷപ്പെട്ടു. ആ വൃദ്ധൻ അധോമുഖനായി മന്ദംമടങ്ങി.

* * *

സമത്ഥനും സാഹസികനുമായ ഒരു നായാട്ടുകാരനായിരുന്നു ആലി. തൻെറ ഏകപുത്രി 'മറിയം' ഭർത്താവിനോടൊരുമിച്ചു വിദേശത്തു താമസിക്കുകയാണ്. ജീവിതസന്ധ്യയെ പ്രാപിച്ചതോടുകൂടി നായാട്ടിൽനിന്നും അയാൾ വിരമിച്ചു. രസകരമായ ആ തൊഴിലിൻെറ ഉല്ലാസപ്രദങ്ങളായ വിവിധവശങ്ങളും താൻ കൂടക്കൂടെ

* ഹിന്ദിയിൽ നിന്ന്.

സന്ദർശിക്കാറുണ്ടെങ്കിലും മറിയത്തിന്റെ വേർപാട് അയാളെ ശൂന്യതയിലേയ്ക്കു വലിച്ചിഴയ്ക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയിൽ സ്നേഹസൃഷ്ടിയും വിരഹാശ്രുക്കളുമുണ്ടെന്ന് തന്റെ ജീവിതദശയിൽ ഇപ്പോൾ പ്രഥമമായിട്ടാണ് അയാൾ മനസ്സിലാക്കുന്നത്. പുത്രിയുടെ എഴുത്തന്വേഷിച്ച് അതിരാവിലെ പോസ്റ്റാപ്പീസിൽ ഹാജരായിത്തുടങ്ങീട്ട് ഏകദേശം അഞ്ചുവർഷക്കാലമായിരിക്കുന്നു. അത് ആലിയുടെ തീർത്ഥസ്ഥലമായിത്തന്നെ പരിണമിച്ചു. വൃദ്ധന്റെ ദിവസേനയുള്ള വരവും ഇരുപ്പും കണ്ട് അയാളുടെ പേരിൽ എഴുത്തൊന്നുമില്ലെങ്കിലും പേരുവിളിച്ച് യഥാസ്ഥാനത്തുനിന്നും വാതിൽക്കൽവരുത്തി പരിഹസിച്ചുവിടുക ആപ്പീസുകാരുടെ വിനോദമായിത്തീർന്നു.

* * *

'ഗോൾഡ് സ്മിത്തി'ന്റെ 'ഗ്രാമവാദ്ധ്യാരെ, അനുസ്മരിപ്പിക്കുമാറ് തേജസ്സുറ്റ നേത്രങ്ങളോടും, നിരാശാങ്കിതമായ മുഖത്തോടുംകൂടി ആപ്പീസിന്റെ ഒരു ഭാഗത്തു 'പോസ്ററുമാസ്റ്റർ' ഇരിക്കുന്നുണ്ടായിരുന്നു. പൂർവ്വസ്ഥാനത്തുനിന്ന് എഴുന്നേററ് ആലി സങ്കോചത്തോടുകൂടി അദ്ദേഹത്തെ സമീപിച്ചു. 'സാഹബ്ബ്! എന്റെ മറിയത്തിന്റെ എഴുത്തുവന്നിട്ടുണ്ടോ?' 'നിങ്ങളെന്തു മനുഷ്യനാണ്, എനിക്കതൊന്നും നിശ്ചയമില്ല'

'ആലി' എന്നാണുപേര്.

'ശരി, നിങ്ങളുടെ മറിയത്തിന്റെപേരിവിടെ വല്ലവരും എഴുതിവച്ചിട്ടുണ്ടോ?'

'എഴുതിവച്ചിട്ടില്ല; ഒരുപക്ഷെ എഴുത്തുവരും, അപ്പോൾ അവിടുന്നു ബുദ്ധിമുട്ടുമല്ലോ എന്നുവെച്ചാണ്.'

'നിങ്ങളിവിടുന്നു പോവിൻ! എഴുത്തു വന്നാൽ ഞങ്ങളാരും തിന്നുകളകയില്ല; വെറുതെവന്നു ബുദ്ധിമുട്ടിക്കുന്നു.'

ആലിയുടെ കണ്ണുകൾ നിറഞ്ഞു. പുത്രിയുടെ എഴുത്തു തനിക്കെങ്ങനെ കിട്ടുമെന്ന വ്യസനം അയാളിൽ ക്രമപ്രവൃദ്ധമായിത്തുടങ്ങി. സമീപത്തുകൂടികടന്നുപോയ ഒരു ക്ലാക്കിന്റെപിന്നാലെ പതുക്കെപ്പതുക്കെ നടന്നുചെന്നു. അയാൾ നല്ലൊരു മനുഷ്യനാണെന്നു ആലിക്കുതോന്നി.

'സഹോദര!'

'ഉം—എന്താ?'

'ഇതാ, ഇത്രയും എന്റെ പക്കലുണ്ട്.' എന്നുപറഞ്ഞ് ഒരു പഴയ മടിശ്ശീലയിൽനിന്ന് അഞ്ചുരൂപ പുറത്തെടുത്തു. ക്ലാക്കു പകച്ചുനോക്കി, 'ഭയപ്പെടേണ്ട; നിങ്ങളിനിക്കൊരുപകാരംചെയ്യണം.'

'എന്താ!'

ആലി കൈവിരൽ മേൽപ്പോട്ടുയർത്തി ഇപ്രകാരംപറഞ്ഞു. 'ജഗദീശൻ! മുകളിലുണ്ട്. അദ്ദേഹത്തെ സാക്ഷിയാക്കി ഞാൻ നിങ്ങൾക്കുതരുന്നു. എന്റെ മറിയത്തിന്റെ എഴുത്തുകിട്ടിയാൽ എനിക്കെത്തിച്ചുതരണം.'

'എവിടെ എത്തിയ്ക്കണം!'

'എന്റെ ശവകുടീരത്തിൽ'

'ഏ!'

'വാസ്തവം പറകയാണ്. ഇന്നാണെന്റെ അവസാനദിവസം. ഹാ! മറിയവുമില്ല, എഴുത്തുമില്ല!'

അനുസ്യൂതമായി പ്രവഹിക്കുന്ന അശ്രുധാര ആലിയുടെ നരച്ചമീശയെ നനച്ചുതുടങ്ങി. ക്ലാർക്കു ആരംഗത്തിൽനിന്നും മന്ദംമറഞ്ഞു.

* * *

ഇതിനുശേഷം ആലിയുടെ സാന്നിദ്ധ്യം അവിടെ തീരെ ഇല്ലാതായി; അതീ

(തുടരും)